# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2521 — 08/5/2017 -ലെ മറുപടി

## കേന്ദ്ര -സംസ്ഥാന സർക്കാരുകളിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ജലലഭ്യത ഉറപ്പു വരുത്തുവാനുള്ള പ്രവർത്തനങ്ങൾക്കായി വാട്ടർ അതോരിറ്റി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എത്ര തുക നാളിതുവരെ ലഭിച്ചു എന്നും സംസ്ഥാന സർക്കാരിൽ നിന്നും ജല അതോറിറ്റിയ്ക്ക് ലഭിച്ച സഹായം എത്ര എന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് വരൾച്ചാ സഹായത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച ഡ്രാഫ്റ്റ് മെമ്മോറാണ്ടത്തിൽ 115.40 കോടി രൂപയുള്ള 2291 പ്രവൃത്തികളാണ് ഉള്ളത്. കേന്ദ്ര സഹായം ഇതുവരെ ലഭ്യമായിട്ടില്ല. വരൾച്ച ദുരിതാശ്വാസ ഫണ്ടായി 40 കോടി രൂപ 2016-17 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ 5 വർഷമായി പിരിച്ചെടുക്കേണ്ട തുക, പിരിച്ചെടുത്ത തുക, എന്നിവയും ഇനിയും പിരിഞ്ഞുകിട്ടാനുള്ള തുക ലാഭമോ നഷ്ടമോ എന്നുള്ള വിശദാംശവും ലഭ്യമാക്കുമോ; | (ബി) (തുക കോടിയിൽ) — പട്ടിക താഴെ. |

(തുക കോടിയിൽ)

| വർഷം | പിരിച്ചെടുക്കേണ്ടിയിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിഞ്ഞു കിട്ടാനുള്ള തുക |
|---|---|---|---|
| **Opening Balance** | | | **321.21** |
| 2011-12 | 358.29 | 276.35 | 81.94 |
| 2012-13 | 340.39 | 312.54 | 27.85 |
| 2013-14 | 386.36 | 315.17 | 71.19 |
| 2014-15 | 470.65 | 372.73 | 97.92 |
| 2015-16 | 572.24 | 459.91 | 112.33 |

കേരള വാട്ടർ അതോറിറ്റി സ്ഥാപിതമായ വർഷം മുതൽ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്

| ചോദ്യം | മറുപടി |
|---|---|
| (സി) വാട്ടർ അതോറിറ്റിക്ക് ഓരോ വർഷവും ലഭ്യമായ സംസ്ഥാന, കേന്ദ്ര സർക്കാർ ഗ്രാന്റ് എത്ര എന്നും വ്യക്തമാക്കുമോ? | (സി) പദ്ധതി നടത്തിപ്പിനായി കഴിഞ്ഞ അഞ്ച് വർഷം കേന്ദ്ര-സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ നൽകുന്നു |

(തുക കോടിയിൽ)

| വർഷം | കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ |
|---|---|---|
| 2012-13 | 245.64 | 575.54 |
| 2013-14 | 201.93 | 515.01 |
| 2014-15 | 119.55 | 292.34 |
| 2015-16 | 45.28 | 525.19 |
| 2016-17 | 69.77 | 513.89 |

സെക്ഷൻ ഓഫീസർ

JSK/